"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - ബഹു. മുഖ്യമന്ത്രിയുടെ ഓണസമ്മാനം - 2024 - സംസ്ഥാനത്തെ 60 വയസിനു മുകളിൽ പ്രായമുള്ള പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 1000/- രൂപ വീതം ഓണസമ്മാനമായി വിതരണം ചെയ്യുന്നതിന് അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പട്ടികജാതി പട്ടികവർഗ്ഗ വികസന (ഡി) വകുപ്പ്

സ.ഉ.(കൈ) നം.30/2024/SCSTD തീയതി,തിരുവനന്തപുരം, 11-09-2024

---

പരാമർശം:- 1. പട്ടികവർഗ്ഗ ഡയറക്ടറുടെ 22.07.2024-ലെ STDD/2520/2024-A1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ 60 വയസിനു മുകളിൽ പ്രായമുള്ള പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 1000/- രൂപ വീതം ഓണസമ്മാനം നല്കുന്നതിനായി, ആകെ 55506 എണ്ണം പട്ടികവർഗ്ഗക്കാർ ഉണ്ട് എന്നും പ്രസ്തുത ഇനത്തിൽ അനുവദിക്കുന്ന തുക പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ എസ്.റ്റി.എസ്.ബി അക്കൗണ്ട് നമ്പർ 701121400000028 - ൽ നിക്ഷേപിച്ച് അതാത് പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡവലപ്മെൻറ് ഓഫീസർമാരുടെ എസ്.റ്റി.എസ്.ബി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് ബാങ്ക് അക്കൗണ്ട് ഉള്ളവർക്ക് DBT വഴിയും, ബാങ്ക് അക്കൗണ്ട് ഇല്ലാത്തവർക്ക് പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡവലപ്മെന്റ് ഓഫീസർമാർ തുക മാറി വ്യക്തികൾക്ക് അക്വിറ്റൻസ് പ്രകാരം നേരിട്ട് വിതരണം ചെയ്യുന്നതിനുമാണ് ഉദ്ദേശിക്കുന്നത് എന്നും ആയതിനാൽ സംസ്ഥാനത്തെ 2024 -ൽ 60 വയസ് പൂർത്തിയാകുന്ന 55506 എണ്ണം പട്ടികവർഗ്ഗക്കാർക്ക് 2024 -ലെ ഓണത്തിന് 1000/- രൂപ വീതം ഓണസമ്മാനമായി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും പട്ടികവർഗ്ഗ ഡയറക്ടർ പരാമർശം പ്രകാരം ശിപാർശ ചെയ്തിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2024 -ലെ ഓണക്കാലത്ത് സംസ്ഥാനത്തെ 60 വയസിന് മുകളിൽ പ്രായമുള്ള 55506 എണ്ണം പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 1000/- (ആയിരം രൂപ മാത്രം ) രൂപ വീതം ഓണസമ്മാനമായി നല്കുന്നതിനും ഇതിന് ആവശ്യമായ ആകെ തുകയായ 5,55,06,000/-രൂപ (അഞ്ചുകോടി അമ്പത്തി അഞ്ച് ലക്ഷത്തി ആറായിരം രൂപ) ബഹു.മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന്

അനുവദിക്കുന്നതിനും അനുമതി നല്കി ഉത്തരവാകുന്നു. ടി തുക പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ എസ്.റ്റി.എസ്.ബി അക്കൗണ്ട് നമ്പർ 701121400000028 -ൽ നിക്ഷേപിക്കുന്നത് സംബന്ധിച്ചുള്ള ഉത്തരവ് റവന്യൂ വകുപ്പിൽ നിന്നും പുറപ്പെടുവിക്കുന്നതാണ്. ബാങ്ക് അക്കൗണ്ട് ഉള്ള ഗുണഭോക്താക്കൾക്ക് DBT വഴിയും, ബാങ്ക് അക്കൗണ്ട് ഇല്ലാത്തവർക്ക് പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡവലപ്മെന്റ് ഓഫീസർമാർ തുക മാറി വ്യക്തികൾക്ക് അക്വിറ്റൻസ് പ്രകാരം നേരിട്ട് വിതരണം ചെയ്യേണ്ടതുമാണ്. ഇക്കാര്യം സമയബന്ധിതമായി നടപ്പാക്കുന്നുവെന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ഉറപ്പുവരുത്തേണ്ടതാണ്.

3) ഭാവിയിൽ ഈ ആനുകൂല്യം പട്ടികവർഗ്ഗ വിഭാഗത്തിൽ ഏറ്റവും ദുരിതം അനുഭവിക്കുന്നവർക്ക് നല്കാൻ കഴിയുന്ന രീതിയിൽ പുനഃക്രമീകരിക്കുന്ന കാര്യം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ പരിശോധിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പുനീത് കുമാർ ഐ എ എസ
അഡീഷണൽ ചീഫ് സെക്രട്ടറി

1) പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ,തിരുവനന്തപുരം.
2) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ&ഇ),തിരുവനന്തപുരം.
3) എല്ലാ ജില്ലാ കളക്ടർമാർക്കും.
4) പൊതുഭരണ (എസ്.സി) വകുപ്പ്.
5) ധനകാര്യവകുപ്പ്.
6) റവന്യൂ (ഡി.ആർ.എഫ്-എ) വകുപ്പ്.
7) വെബ് &ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
8) സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sreeja J K
Date: 12-09-2024 10:04:33
സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ
പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 20-08-2025

ഫയൽ നം. 187/ഡി1/2025/പജപവവിവ. ഇനം നം: 3191

വിഷയം : പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - 2025 ഓണക്കാലത്ത് സംസ്ഥാനത്തെ 60 വയസ്സിന് മുകളിൽ പ്രായമുള്ള പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഓണസമ്മാനം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു. ബഹു.മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും തുക അനുവദിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ റവന്യൂ വകുപ്പ് മാത്രമേ മന്ത്രിസഭായോഗം മുമ്പാകെ കൊണ്ടുവരാൻ പാടുള്ളൂയെന്നും തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്.

സെക്രട്ടറി, റവന്യൂ വകുപ്പ്.

AS (STAD) 21/08/2025

SO-D 21/8/25

3191

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | 187/ഡി1/2025/പജപവവിവ |
| 2. | വകുപ്പ് | : | പട്ടികജാതി പട്ടികവർഗ്ഗ വികസന (ഡി) വകുപ്പ് |
| 3. | വിഷയം | : | 2025 ഓണക്കാലത്ത് സംസ്ഥാനത്തെ 60 വയസ്സിന് മുകളിൽ പ്രായമുള്ള പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഓണസമ്മാനം നൽകുന്നത് - സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 09.08.2025 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | :<br>: | ഉണ്ട്<br>ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീജ പി.എസ്. |
| 8. | കുറിപ്പ് അംഗീകരിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ഡോ. അദീല അബ്ദുള്ള |
| 9 | മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് സ്പെഷ്യൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 13.08.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 14.08.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. ഒ. ആർ. കേളു |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 16.08.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 18.08.2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | : | |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

2025 ഓണക്കാലത്ത് സംസ്ഥാനത്തെ 60 വയസിനു മുകളിൽ പ്രായമുള്ള പട്ടികവർഗ്ഗ വിഭാഗക്കാർക്ക് "ഓണസമ്മാനം" നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) 2025 സെപ്റ്റംബറിൽ 60 വയസിനു മുകളിൽ പ്രായമുള്ള കേന്ദ്ര-സംസ്ഥാന സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ നിന്ന് വിരമിച്ച പെൻഷൻകാർ ഒഴികെയുള്ള അർഹരായ പട്ടികവർഗ്ഗവിഭാഗക്കാർക്ക് 2024-ൽ ചെയ്തതുപോലെ ഒരാൾക്ക് 1000/- രൂപ വീതം ഓണസമ്മാനമായി ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കണമെന്ന് പട്ടികവർഗ വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചു.

3) നിലവിൽ കേന്ദ്ര-സംസ്ഥാന സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ പെൻഷൻകാർ ഒഴികെ 60 വയസിനു മുകളിൽ പ്രായമുള്ള അർഹരായ 52864 പട്ടികവർഗക്കാർ ഉണ്ട്. ഈ ഇനത്തിൽ അനുവദിക്കുന്ന തുക പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ എസ്.റ്റി.എസ്.ബി അക്കൗണ്ട് നമ്പരിൽ (70121400000028) നിക്ഷേപിച്ച് അതാത് പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡവലപ്മെന്റ് ഓഫീസർമാരുടെ എസ്.റ്റി.എസ്.ബി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് ബാങ്ക് അക്കൗണ്ട് ഉള്ളവർക്ക് DBT വഴിയും, ബാങ്ക് അക്കൗണ്ട് ഇല്ലാത്തവർക്ക്/നിർജ്ജീവമായ അക്കൗണ്ട് ഉള്ളവർക്ക് പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡവലപ്മെന്റ് ഓഫീസർമാർ തുക മാറി വ്യക്തികൾക്ക് അക്വിറ്റൻസ് പ്രകാരം നേരിട്ട് വിതരണം ചെയ്യുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തെ കേന്ദ്ര-സംസ്ഥാന സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ പെൻഷൻകാർ ഒഴികെ 60 വയസിനു മുകളിൽ പ്രായമുള്ള

അർഹരായ 52864 പട്ടിക വർഗക്കാർക്ക് 1000/- രൂപ വീതം 2025-ലെ ഓണസമ്മാനമായി അനുവദിക്കുന്നതിനുള്ള . നടപടികൾ സ്വീകരിക്കണമെന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്. ഈ ഇനത്തിൽ വരുന്ന ചെലവ് 5,28,64,000/- (അഞ്ച് കോടി ഇരുപത്തിയെട്ട് ലക്ഷത്തി അറുപത്തിനാലായിരം രൂപ മാത്രം) രൂപയാണ്.

4) ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ബഹു. മുഖ്യമന്ത്രി ഉത്തരവായിരുന്നു. ഇക്കാര്യം, ബഹു. ധനകാര്യ വകുപ്പ് മന്ത്രി അംഗീകരിച്ചിട്ടുണ്ട്.

**തീരുമാനമെടുക്കേണ്ട വിഷയം**

സംസ്ഥാനത്തെ കേന്ദ്ര-സംസ്ഥാന സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ പെൻഷൻകാർ ഒഴികെ 60 വയസിനു മുകളിൽ പ്രായമുള്ള അർഹരായ 52864 പട്ടിക വർഗക്കാർക്ക് 1000/- രൂപ വീതം 2025-ലെ "ഓണസമ്മാന"മായി നൽകുന്നതിനും ഈ ഇനത്തിലുള്ള ചെലവിനായി 5,28,64,000/- (അഞ്ച് കോടി ഇരുപത്തിയെട്ട് ലക്ഷത്തി അറുപത്തിനാലായിരം രൂപ മാത്രം) രൂപ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നതിനും അനുമതി നൽകാമോ?

## GOVERNMENT OF KERALA
**(Shri. PINARAYI VIJAYAN MINISTRY)**
**NOTE FOR THE COUNCIL OF MINISTERS**

| | | | |
|---|---|---|---|
| 1. | File No. | : | 151/D1/2024/SCSTDD |
| 2. | Department | : | SC ST Development (D) Department |
| 3. | Subject | : | Disbursement of Onasammanam to the persons belonging to Scheduled Tribes above the age of 60 years in the State during Onam 2024 - reg. |
| 4. | Date of Chief Minister's Order for placing before the Council | : | 06.08.2024, 08.09.2024 |
| 5. | (i) Does the case involve financial commitments/implications<br>(ii) if the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Note for the Council? | :<br>: | Yes<br>Yes |
| 6 | Are any other departments concerned with the case and if so, have they been consulted and their remarks incorporated in the Note for the council? | : | Yes<br>No |
| 7 | Name of Additional Secretary who submitted the Draft Note | : | Sreeja P.S |
| 8. | Name of the Additional Chief Secretary who approved the Draft Note | : | |
| 9 | Date of approval of Draft Note for the council by the Additional Chief Secretary | : | |
| 10 | Name of Chief Secretary who approved the Draft Note | : | Sarada Muraleedharan |
| 11 | Date of approval of Draft Note for the council by the Chief Secretary | : | 10/09/24 |
| 12 | Name of Minister who approved the Draft Note | : | O.R. Kelu |
| 13 | Date of approval of Draft Note for the council by the Minister | : | 10/09/24 |
| 14 | Date of submission of fair copies | : | 10/09/24 |
| 15 | Date of decision by the Council of Ministers | : | |
| 16 | Number and date of the G.O./letter communicating the decision | : | |

## NOTE FOR THE COUNCIL OF MINISTERS

This note deals with the disbursement of 'Onasammanam' to the persons belonging to Scheduled Tribes, above the age of 60 years in the State, during Onam 2024.

2. The Director, Scheduled Tribes Development Department has requested to grant sanction for the disbursement of Rs.1000/- per person, above the age of 60 years in the year 2024, from the Hon'ble Chief Minister's Distress Relief Fund as 'Onasammanam', as done in 2023.

3. There are 55,506 Tribes, and above the age of 60 years. The sanctioned amount credited in the STSB account of the Senior Administrative Officer (Scheduled Tribes Development Department) will transfer to the STSB account of the respective Project Officers/Tribal Development Officers. The amount to the beneficiaries having bank account will be disbursed through DBT and in the case of the persons without bank account, the amount will be disbursed to them directly by the Project Officers/Tribal Development Officers. The Director, Scheduled Tribes Development Department has requested sanction to disburse Rs.1000/- (Rupees thousand only) each to the 55,506 Scheduled Tribes above the age of 60 years. The total expenditure in this regard is Rs. 5,55,06,000/- (Rupees Five Crore Fifty Five Lakh and Six Thousand only).

4. The Hon'ble Chief Minister have ordered to place the matter before the Council of Ministers. When the draft notes were submitted to place before the Council of Ministers, the Chief Secretary has returned the file to the Hon'ble Minister, Scheduled Castes Scheduled Tribes Development Department with his opinion on disbursement of Onasammanam from the Disaster Relief Fund of Hon'ble Chief Minister in the wake of the Wayanad landslide. The Hon'ble Minister, Scheduled Castes Scheduled Tribes Development Department has opined that it is appropriate to give financial assistance for food or clothes during Onam season to the financially distressed Scheduled Tribes at and above the age of 60. On the basis of the above opinion the Hon'ble Chief Minister have ordered to submit the file with the opinion of the Hon'ble Minister, Finance Department before the Cabinet on 11.09.2024. The Hon'ble Minister, Finance Department has agreed.

**<u>Point for Decision</u>**

Whether Rs.1000/- (Rupees One thousand only), each to the 55,506 ST persons, above the age of 60 years may be disbursed as "Onasammanam" of the Hon'ble Chief Minister during the 2024 Onam season and Rs.5,55,06,000/- (Rupees Five Crore Fifty Five Lakh and Six Thousand only) may be sanctioned from the Hon'ble Chief Minister's Distress Relief Fund towards the expenditure in this regard ?